മാതൃഭൂമി
2016 • മെയ് 23 • തിങ്കളാഴ്ച

# മഴമറയിലെ ജൈവ പച്ചക്കറിക്കൃഷി പരിശീലനം

**കൊച്ചി:** മഴക്കാലത്തും നല്ല രീതിയിൽ പച്ചക്കറിയുണ്ടാക്കാനുള്ള മാർഗമാണ് മഴമറയിലെ കൃഷി. മഴമറ നിർമ്മാണവും മഴമറയ്ക്കുള്ളിലെ ജൈവ പച്ചക്കറി കൃഷിരീതികളും ഉൾപ്പെടുത്തിയുള്ള കെ.വി. കെ. യുടെ ദ്വിദിന പരിശീലന പരിപാടി 25, 26 തീയതികളിൽ കൊച്ചി സി.എം.എഫ്.ആർ.ഐ. യിൽ നടത്തും.

കെ.വി.കെ. യിലെ വിദഗ്ധർക്കു പുറമെ കാർഷിക സർവകലാശാലയിൽ നിന്നുള്ള വിദഗ്ധരും ക്ലാസ്സുകൾ നയിക്കും. മഴമറ കൃഷി നന്നായി നടത്തുന്നവരുടെ വീടുകളിലേക്ക് പഠനയാത്രയും ഉണ്ടാവും. എറണാകുളം ജില്ലയിൽ നിന്ന് ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരിശീലനം ലഭ്യമാക്കുക. ആളൊന്നിന് 750 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പേരുകൾ രജിസ്റ്റർ ചെയ്യുവാൻ 0484 2492450 എന്ന നമ്പറിലോ kvkernakulam@cmfri.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടണം.